"ഭരണഭാഷ-മാതൃഭാഷ"

## ജില്ലാ നഗരാസൂത്രകയുടെ നടപടിക്രമം, കോട്ടയം

വിഷയം : തദ്ദേശസ്വയംഭരണ വകുപ്പ് പ്ലാനിംഗ് – ജില്ലാ നഗരാസൂത്രകന്റെ കാര്യാലയം, കോട്ടയം – മുണ്ടക്കയം ഗ്രാമപഞ്ചായത്ത് അസംബ്ലി കെട്ടിടനിർമ്മാണം– ലേ-ഔട്ട് അംഗീകാരം നൽകി ഉത്തരവാകുന്നു.

പരാമർശം : ഫാദർ. അജി അലിയാസ് ജോസഫ് ചെറുകക്രാംചേരിൽ, പ്രോക്യുറേറ്റർ, വിജയപുരം ബിഷപ്പ് ഹൗസ്, കോട്ടയം എന്നവർ 02.06.2021-ൽ സമർപ്പിച്ച അപേക്ഷയും പ്ലാനുകളും.

---

ഉത്തരവ് നമ്പർ TCPKTM/264/2021-C — തീയതി : **29/07/2021**

---

കോട്ടയം ജില്ലയിലെ മുണ്ടക്കയം ഗ്രാമപഞ്ചായത്ത് പരിധിയിലുള്ള മുണ്ടക്കയം വില്ലേജിൽ, ബ്ലോക്ക് നമ്പർ 06-ൽ റീസർവ്വെ നമ്പർ 169/4-ൽപ്പെട്ട 24262 ച.മീ വിസ്തീർണ്ണമുള്ള സ്ഥലത്ത് നിലവിലുള്ള 4231.03 ച.മീറ്റർ വിസ്തൃതിയിൽ സ്ഥിതി ചെയ്യുന്ന പള്ളി, വിദ്യാഭ്യാസകെട്ടിടം, ഷോപ്പിംഗ് കോംപ്ലക്സ്, പ്രീസ്റ്റ് ഹൗസ് എന്നീ കെട്ടിടങ്ങളോട് ചേർന്ന് 5495.01 ച.മീറ്റർ വിസ്തീർണ്ണമുള്ള അസംബ്ലി കെട്ടിടം നിർമ്മിക്കുന്നതിന് കെ.പി.ബി.ആർ-2019 ചട്ടങ്ങൾക്കും, താഴെപറയുന്ന നിബന്ധനകൾക്കും വിധേയമായി സ്ഥലത്തിന്റെ ഉപയോഗത്തിനും, കെട്ടിടങ്ങളുടെ ലേ-ഔട്ടിനും അംഗീകാരം നൽകി ഉത്തരവാകുന്നു.

താഴെ പറയുന്ന നിബന്ധനകൾ കൃത്യമായും പാലിച്ചിട്ടുണ്ടെന്നും , ലഭ്യമാക്കേണ്ട എൻ.ഒ.സി അനുമതി എന്നിവ ലഭ്യമാക്കിയിട്ടുണ്ടെന്നും സെക്രട്ടറി പരിശോധിച്ച ഉറപ്പ് വരുത്തിയ ശേഷം മാത്രമേ കെട്ടിടനിർമ്മാണ അനുമതി സർട്ടിഫിക്കറ്റ് നൽകുവാൻ പാടുള്ളൂ.

**നിബന്ധനകൾ**

1. കെ.പി.ബി.ആർ-2019 ചട്ടം 9 പ്രകാരം സ്ഥലത്തിന്റെ ഉടമസ്ഥത സംബന്ധിച്ച രേഖകൾ, സർവ്വേ നമ്പർ, വിസ്തൃതി, അതിരുകൾ, വിസ്തീർണ്ണം, അളവുകൾ, ഉടമസ്ഥാവകാശം, നിർമ്മാണവകാശം എന്നിവ ശരിയാണെന്ന് സെക്രട്ടറി ബന്ധപ്പെട്ട രേഖകൾ പരിശോധിച്ചും , സ്ഥലപരിശോധന നടത്തിയും ഉറപ്പുവരുത്തേണ്ടതാണ്.
2. കെ.പി.ബി.ആർ-2019 ചട്ടം 5(4) പട്ടികയിൽ ക്രമനമ്പർ 12 പ്രകാരം ഫയർഫോഴ്സിൽ നിന്നുള്ള എൻ.ഒ.സി ലഭ്യമാക്കേണ്ടതാണ്. ചട്ടപ്രകാരം മറ്റു വകുപ്പുകളിൽ നിന്നും എൻ.ഒ.സി ആവശ്യമെങ്കിൽ ആയത് ലഭ്യമാക്കേണ്ടതാണ്.
3. കെ.പി.ബി.ആർ-2019 ചട്ടം 79 പ്രകാരം മാലിന്യ നിർമ്മാർജ്ജനത്തിനുള്ള സംവിധാനങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ടെന്ന് സെക്രട്ടറി ഉറപ്പ് വരുത്തണം.
4. സൈറ്റ് പ്ലാൻ പ്രകാരമുള്ള വിശദാംശങ്ങൾ സ്ഥലത്ത് ലഭ്യമാണെന്ന് സെക്രട്ടറി ഉറപ്പാക്കണം.
5. ശാരീരിക വൈകല്യമുള്ളവർക്ക് വേണ്ടിയുള്ള സൗകര്യങ്ങൾ ചട്ടപ്രകാരം നൽകിയിട്ടുണ്ട് എന്ന് സെക്രട്ടറി ഉറപ്പ് വരുത്തണം.
6. ചട്ടം 81(6)(1) പ്രകാരം ലഭ്യമാക്കേണ്ട മോട്ടറബിൾ ഓപ്പൺ സ്പേസ് മറ്റ് ആവശ്യങ്ങൾക്കായോ, നിർമ്മാണങ്ങൾക്കായോ ഉപയോഗിക്കുന്നില്ലെന്ന് സെക്രട്ടറി ഉറപ്പ് വരുത്തേണ്ടതാണ്.

7. കെ.പി.ബി.ആർ–2019 അനുബന്ധ ഭേദഗതികൾക്കും നിലവിലുള്ള ബാധകമായ മറ്റ് നിയമങ്ങൾക്കും നിർദ്ദിഷ്ട നിർമ്മാണം വിധേയമാണെന്ന് സെക്രട്ടറി ഉറപ്പുവരുത്തണം.

മേൽ അംഗീകാരം, കെട്ടിടനിർമ്മാണം/ഭൂവികസന പ്രവർത്തനം എന്നിവ തുടങ്ങുന്നതിനുള്ള അനുമതി അല്ല. കെ.പി.ബി.ആർ–2019 പ്രകാരം സെക്രട്ടറി ടി അപേക്ഷയിൽ ആവശ്യമായ തുടർനടപടികൾ സ്വീകരിക്കേണ്ടതാണ്. ബന്ധപ്പെട്ട വകുപ്പുകളിൽ നിന്നും അംഗീകാരമോ, നിരാക്ഷേപ പത്രമോ ആവശ്യമുള്ള പക്ഷം ആയവ ലഭിച്ചതിനുശേഷം മാത്രമേ സെക്രട്ടറി നിർമ്മാണാനുമതിയ്ക്ക് പരിഗണിക്കാവൂ.

ഈ ഉത്തരവ് നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിനുള്ള അനുമതിയല്ല. കെട്ടിടനിർമ്മാണ ചട്ടങ്ങൾക്കനുസൃതമായ നിർമ്മാണ/വികസന അനുമതി അതത് തദ്ദേശസ്വയംഭരണ സ്ഥാപനത്തിൽ നിന്നും ലഭിച്ചതിനുശേഷം മാത്രമേ നിർമ്മാണം ആരംഭിക്കാൻ പാടുള്ളൂ.

(അംഗീകരിച്ച സൈറ്റ് പ്ലാൻ നമ്പർ. 31/2021/KTM)

**SUJA MATHAI, TP TPKTYM, O/O TP TPKTYM**

സെക്രട്ടറി
മുണ്ടക്കയം ഗ്രാമപഞ്ചായത്ത്

പകർപ്പ് :
1. റവ. ഡോ. സെബാസ്റ്റ്യൻ, തെക്കേത്ത് ചേരിൽ, (പ്ലാൻ 1 സെറ്റ് സഹിതം)
2. അധികം –1

S/2672021